## എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം:- ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളിൽ ടെസ്റ്റ് യോഗ്യത നേടാത്ത ക്ലാർക്കുമാർക്ക് താൽക്കാലിക സ്ഥാനക്കയറ്റം - നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാരിന്റെ 28/09/2013 തീയതിയിലെ 47146/ഇ.പി.എ 1/2013 തസ്വഭവ നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 15/02/2014 തീയതിയിലെ ഇ4-04/2014(2) നമ്പർ ഉത്തരവ്.

==========================================================================

**ഉത്തരവ് നമ്പർ ഇ4-17186/2013 തീയതി: 20/02/2014**

==========================================================================

പഞ്ചായത്ത് വകുപ്പിൽ പുതുതായി സൃഷ്ടിച്ച അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനെ തുടർന്നും, ക്ലാർക്ക്, സീനിയർ ക്ലാർക്ക് അനുപാതം 1 :1 ആയി പുനർ നിർണ്ണയിച്ചതിനെ തുടർന്നും സംജാതമായ 1922 സീനിയർ ക്ലാർക്ക് തസ്തിക ഒഴിവുകളിലേക്ക് വകുപ്പുതല പരീക്ഷകൾ പാസ്സായി ഉദ്യോഗക്കയറ്റത്തിന് യോഗ്യത നേടിയ മുഴുവൻ ക്ലാർക്കുമാർക്കും സ്ഥാനക്കയറ്റം നൽകിയതിന് ശേഷവും ഗ്രാമ പഞ്ചായത്തുകളിൽ സീനിയർ ക്ലാർക്ക് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാൽ ഒരു stop gap arrangement മാത്രം എന്ന നിലയിൽ KS &SSR ഭാഗം II ചട്ടം 31 (a) (i) പ്രകാരം ടെസ്റ്റ് യോഗ്യതയില്ലാത്ത ക്ലാർക്കുമാർക്ക് സീനിയോറിറ്റിയുടെ മാത്രം അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുവാദം നൽകുകയുണ്ടായി.

അതിൻ പ്രകാരം <u>ടെസ്റ്റ് യോഗ്യത നേടുന്ന ക്ലാർക്കുമാർ ലഭ്യമാകുന്ന മുറയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവരെ തരംതാഴ്ത്തുന്നതാണ്</u> എന്ന നിബന്ധനയ്ക്ക് വിധേയമായി KS &SSR ഭാഗം II ചട്ടം 31 (a) (i) പ്രകാരം 13210-22360 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി എറണാകുളം ജില്ലയിലേക്ക് പഞ്ചായത്ത് ഡയറക്ടർ അലോട്ട് ചെയ്തിട്ടുള്ള താഴെ കോളം (1) ൽ പറയുന്ന ക്ലാർക്കുമാരെ ചുവടെ ചേർക്കുന്ന നിബന്ധനകൾക്കു വിധേയമായി കോളം (2) ൽ അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള പഞ്ചായത്തുകളിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും, നിലവിൽ ജോലി ചെയ്യുന്ന ഓഫീസും (കോളം -1) | സ്ഥാനക്കയറ്റം നൽകി നിയമനം നൽകിയിട്ടുള്ള ഓഫീസ് (കോളം -2) |
|---|---|---|
| 1 | ഷേർളി സാബു,<br>തിരുവാർപ്പ് ഗ്രാമ പഞ്ചായത്ത്<br>കോട്ടയം ജില്ല | ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |
| 2 | ലൈസമ്മ പി. സി<br>കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്<br>കോട്ടയം ജില്ല | ആവോലി ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |
| 3 | ജോണി. പി. ജെ<br>വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്<br>ഇടുക്കി ജില്ല | ആരക്കുഴ ഗ്രാമപഞ്ചായത്ത്<br>((ശ്രീ.ടി.കെ.രതീഷിനെ സ്ഥലം മാറ്റിയ ഒഴിവിൽ) |
| 4 | സൗന്ദർരാജ്. എം<br>മൂന്നാർ ഗ്രാമപഞ്ചാത്ത്<br>ഇടുക്കി ജില്ല | മാറാടി ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |
| 5 | പളനി. എസ്<br>എടമലക്കുടി ഗ്രാമപഞ്ചായത്ത്<br>ഇടുക്കി ജില്ല. | മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |

| | | |
|---|---|---|
| 6 | രവികുമാർ. ആർ<br>വണ്ടൻമേട് ഗ്രാമപഞ്ചായത്ത്<br>ഇടുക്കി ജില്ല | കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്<br>(ശ്രീ.ഷിഹാബുദ്ദീനെ സ്ഥലംമാറ്റിയ ഒഴിവിൽ) |
| 7 | രാംദാസ്<br>ദേവികുളം ഗ്രാമപഞ്ചായത്ത്<br>ഇടുക്കി ജില്ല. | കടമക്കുടി ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |
| 8 | ജിജിമോൾ. പി. എസ്<br>വാത്തിക്കുടി ഗ്രാമപഞ്ചായത്ത്<br>ഇടുക്കി ജില്ല | ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |
| 9 | ഗീതാദേവി. എൻ. പി<br>കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്<br>കോട്ടയം ജില്ല | ആയവന ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |
| 10 | സുശീല. പി. കെ<br>കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്<br>കോട്ടയം ജില്ല | തിരുമാറാടി ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |
| 11 | സ്മിത തോമസ്<br>മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്<br>കോട്ടയം ജില്ല | കുന്നുകര ഗ്രാമപഞ്ചായത്ത്<br>(നിലവിലുള്ള ഒഴിവിൽ) |

പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് നിയമനം ജില്ലാടിസ്ഥാനത്തിലും സിനിയർ ക്ലാർക്ക് തസ്തികയിലെ നിയമനം സംസ്ഥാനാടിസ്ഥാനത്തിലുമാകയാൽ ടെസ്റ്റ് യോഗ്യത നേടി സ്ഥാനക്കയറ്റത്തിന് അർഹത നേടുന്ന ക്ലാർക്കുമാർ ഏത് ജില്ലയിൽ നിന്നാണോ ലഭ്യമാകുന്നത് പ്രസ്തുത ജില്ലയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച ജൂനിയർമാരായ സീനിയർ ക്ലാർക്കുമാരെ തരം താഴ്ത്തുകയും ചെയ്യുന്നതാണ്. ഇപ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ. ഭാവിയിൽ ടെസ്റ്റ് യോഗ്യത നേടി പ്രൊബേഷൻ പൂർത്തീകരിച്ച് പ്രസ്തുത വിവരം ഉചിതമാർഗ്ഗേണ അറിയിക്കുന്ന പക്ഷം അവർക്ക് ലഭിച്ച താൽക്കാലിക സ്ഥാനക്കയറ്റം ടെസ്റ്റ് യോഗ്യത നേടിയ തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് ലഭിക്കുവാൻ അർഹതയുള്ളതായിരിക്കും.

ഇപ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ 26.02.2011 ലെ ജി.ഒ.(പി) 85/2011 ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥചെയ്യും പ്രകാരം ശമ്പള നിർണ്ണയത്തിനുള്ള ഓപ്ഷൻ ഉദ്യോഗക്കയറ്റം സ്വീകരിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട സ്ഥാപന മേധാവി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

ഇപ്പോൾ നിയമനം നല്കിയിട്ടുള്ള ഓഫീസുകൾ താല്ക്കാലിക ഇടമായിരിക്കുന്നതും പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പ്രകാരം സീനിയോറിറ്റി പരിഗണിച്ച് സ്ഥലമാറ്റത്തിന് വിധേയവുമായിരിക്കും.

ബന്ധപ്പെട്ട ഓഫീസ് മേധാവികൾ അടിയന്തിരമായി ജീവനക്കാരെ വിടുതൽചെയ്യേണ്ടതും. ജീവനക്കാർ വിടുതൽ ചെയ്തതും, ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ യഥാസമയം രേഖാമൂലം ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റു ഓഫീസുകളിലും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
കെ.അർജ്ജുനൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
എറണാകുളം

വ്യക്തികൾക്ക്

പകർപ്പ്:-

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്.
2. പഞ്ചായത്ത് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി /കോട്ടയം.
4. കരുതൽ/അധികം

//ആജ്ഞാനുസരണം//

20/02/16 സൂപ്രണ്ട്